കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന പി.വി.റ്റി.ജി. പദ്ധതി

282 (4273) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന പി.വി.റ്റി.ജി. പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടേയും പദ്ധതികളുടേയും വിശദാംശം നൽകുമോ;

(ബി) കാടർ, കുറുമ്പർ, കൊറവർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേകം പ്രത്യേകമായി ടി പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(സി) കൂടുതൽ കേന്ദ്ര സഹായം പ്രസ്തുത പദ്ധതിയ്ക്കായി വേണ്ടിവരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതിന്റെ ഫലമായി ടി വിഭാഗങ്ങൾക്കിടയിൽ വന്നുചേർന്നിട്ടുള്ള വികസന മേഖലകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള 148 കോടി രൂപയിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി നാളിതുവരെ 1,18,98,31,761 രൂപ ചിലവഴിച്ചു. നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിഭാഗം തിരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടില്ല. പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ 5 വിഭാഗത്തിൽപ്പെട്ട പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗക്കാർക്കായി നടപ്പിലാക്കിവരുന്നു. നടപ്പാക്കിയവയുടെ വിവരം ഒന്നാമത് മറുപടി പ്രകാരം അനുബന്ധമായി നൽകിയിട്ടുണ്ട്.*

(സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖാന്തിരം ലഭിച്ച 148 കോടി രൂപയുടെ പദ്ധതിയാണിത്. ആയതിനാൽ അധിക കേന്ദ്ര സഹായം ലഭ്യമാകുകയില്ല.

(ഡി) വിലയിരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ, പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly